# ബൈബിൾ ടൈം
സമഗ്ര പഠനം

bes bible educational services

# A9-ക്രിസ്തീയ ജീവിതം

## അതിജീവിക്കുന്ന ജീവിതം

## പാഠം 1 - പ്രലോഭനങ്ങളെ അതിജീവിക്കുക

**വായനഭാഗം:**

**യാക്കോബ് 1: 13–15; 1 പത്രോസ് 1: 6–7**

**താക്കോൽ വാക്യം:**

**"ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും. "**

യാക്കോബ് 4 :7'

നാം ആദ്യമായി ക്രിസ്ത്യാനികളാകുമ്പോൾ നമുക്ക് ഒരു പുതിയ സന്തോഷമുണ്ട്, കർത്താവിനോടും മറ്റ് ക്രിസ്ത്യാനികളോടും ഒരു പുതിയ സ്നേഹവും ഉണ്ടാകും. സങ്കടകരമെന്നു പറയട്ടെ, പ്രശ്നങ്ങൾ വരുമ്പോൾ നമുക്ക് ചിലപ്പോൾ ഈ സന്തോഷം നഷ്ടപ്പെട്ടേക്കാം. അപ്പോൾ നമ്മൾ എന്താണ് ചെയ്യേണ്ടത്? നാം ഇത് ഉപേക്ഷിക്കണോ? ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്ക് പ്രശ്നങ്ങൾ പ്രതീക്ഷിക്കാം, കാരണം നാം ഇതുവരെ സമ്പൂർണ്ണരല്ല .

നാം ക്രിസ്ത്യാനികളാകുമ്പോൾ നമുക്ക് പുതിയ ശത്രുക്കളെ ലഭിക്കും! ക്രിസ്ത്യാനികളല്ലാത്ത സുഹൃത്തുക്കൾ നമ്മെ നോക്കി ചിരിച്ചേക്കാം, പിശാച് നമ്മെ എതിർക്കും, നമ്മുടെ സ്വന്തം പാപസ്വഭാവം ഇപ്പോഴും പാപത്തിലേക്ക് ആകർഷിക്കപ്പെടും! ഈ പഠന പരമ്പരയിൽ, ഈ പ്രശ്നങ്ങളിൽ ചിലതാണ് നമ്മൾ പരിശോധിക്കുന്നത് .

### പ്രലോഭനങ്ങൾ

പ്രലോഭനം എന്നത് എല്ലാവർക്കും ഒരു യഥാർത്ഥ പ്രശ്നമാണ്, പ്രത്യേകിച്ച് ഒരു ക്രിസ്ത്യാനിക്ക്. കാരണം, ഇപ്പോൾ നമ്മൾ വിശ്വാസികളായതിനാൽ, നമ്മുടെ ജീവിതത്തിൽ ഒരു "വടംവലി" ഉണ്ട്. പാപത്തിൽ നിന്ന് പിന്തിരിഞ്ഞ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഒരു പുതിയ സ്വഭാവം നമുക്കുണ്ട് എന്ന വസ്തുതയിൽ നിന്നാണ് ഈ പിരിമുറുക്കം ഉണ്ടാകുന്നത്. എന്നാൽ നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് നമുക്കുണ്ടായിരുന്ന പഴയ പാപ സ്വഭാവം ഇപ്പോഴും നമ്മോടൊപ്പമുണ്ട്, നാം രക്ഷിക്കപ്പെടുന്നതിന് മുമ്പ് ചെയ്ത അതേ പാപത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അതിനാൽ, ഒരു വിശ്വാസിക്ക് യോജിക്കാത്ത കാര്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. മറ്റ് പ്രലോഭനങ്ങൾ നമ്മെ ലൈംഗിക അധാർമികതയിലേക്കും മോഷ്ടിക്കാനും കള്ളം പറയാനും വഞ്ചിക്കാനും കോപിക്കുവാനും ദയയില്ലാത്തവരും സ്വാർത്ഥരും ആയിരിക്കാനും ഇടയാക്കും. ***(എഫേസ്യർ 4: 22–24, കൊലൊസ്യർ 3: 9, 10 എന്നിവ കാണുക)***

പരീക്ഷിക്കപ്പെടുന്നത് അതിൽ തന്നെ പാപമല്ല. പ്രലോഭനത്തിന് വഴങ്ങുമ്പോൾ പാപം സംഭവിക്കുന്നു നമ്മൾ അത് ഇഷ്ടപ്പെടുന്നു, അതിനെക്കുറിച്ച് ചിന്തിക്കുന്നു, എന്നിട്ട് അതിന് വഴങ്ങുന്നു! ***(യാക്കോബ് 1:13–15)*** വിശ്വാസികൾ എന്ന നിലയിൽ, പ്രലോഭനങ്ങളെ ചെറുക്കാൻ നമ്മെ സഹായിക്കാൻ ചില കാര്യങ്ങൾ ചെയ്യാനാകും.

### 1. ബൈബിളിൽ വാക്യങ്ങൾ മനഃപാഠമാക്കുക.

ദൈവം എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കും. ***(സങ്കീർത്തനം 119:11)*** യേശു തന്നെ സാത്താനാൽ പരീക്ഷിക്കപ്പെട്ടു (ചിത്രം കാണുക), എന്നാൽ അവനു വഴങ്ങാൻ വിസമ്മതിച്ചു. പ്രലോഭനങ്ങളിൽ അവൻ വിജയം നേടി പിശാചിനോട് ദൈവവചനം ഉദ്ധരിച്ചുകൊണ്ട് അവൻ പിശാചിനെ പരാജയപ്പെടുത്തി. *(ലൂക്കോസ് 4:113)* ***"ദൈവവചനമെന്ന ആത്മാവിന്റെ വാൾ"*** *(എഫെസ്യർ 6:17)* അറിയുകയും ഉപയോഗിക്കുകയും ചെയ്യുന്നത് പരീക്ഷിക്കപ്പെടുമ്പോൾ പിശാചിനെ പരാജയപ്പെടുത്താൻ നമ്മെ പ്രാപ്തരാക്കും.

### 2. പാപത്തിലേക്ക് നമ്മെ നയിക്കുന്ന കാര്യങ്ങൾ ചെയ്യുക "ഇല്ല" എന്ന് ദൈവസന്നിധിയിൽ പറയുക.

***തീത്തോസ് 2:13*** നമ്മോട് പറയുന്നത് " ....ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചുപോരേണ്ടതിന്നു..... ". ഒരു പെൺകുട്ടിയെ കാമത്തോടെ നോക്കില്ലെന്ന് കണ്ണുമായി നിയമം ചെയ്ത ഇയ്യോബ് ഒരു ഉദാഹരണമാണ്. ***(ഇയ്യോബ് 31:1)*** ദൈവത്തിന്റെ സന്നിധിയിൽ ഗൌരവമായി എടുക്കുന്ന ഇത്തരത്തിലുള്ള ഒരു ദൃഢനിശ്ചയം, പ്രലോഭനത്തിനെതിരായ പോരാട്ടത്തിൽ നമ്മെ ശക്തിപ്പെടുത്തുന്നു.

### 3. നമ്മുടെ സ്വന്തം ബലഹീനതകൾ അറിയുക.

അവയ്ക്കു മേൽ നമുക്ക് വിജയം നേടണമെന്ന് ദൈവത്തോട് അപേക്ഷിക്കണം. ക്രിസ്തീയ ജീവിതത്തിൽ നിങ്ങളെത്തന്നെ അറിയുക എന്നത് വളരെ പ്രധാനമാണ്. നാമെല്ലാവരും വ്യത്യസ്തരാണ്, വ്യത്യസ്ത രീതികളിൽ പ്രലോഭിപ്പിക്കപ്പെടുന്നു. എന്നാൽ പ്രലോഭനത്തെ ചെറുക്കാൻ നാമെല്ലാവരും കടപ്പെട്ടവരാണ് ***1 പത്രോസ് 5: 8, 9***ൽ പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ഇത് നാം നിർമ്മദരായും എപ്പോഴും ഉണർന്നിരുന്ന് നേടേണ്ടുന്ന ഒന്നാണ് .

### 4. കർത്താവായ യേശുവിന്റെ ശക്തിയിൽ ആശ്രയിക്കുക.

എല്ലാ പ്രലോഭനങ്ങളെയും ചെറുക്കാനുള്ള ശക്തി അവനിൽ നമുക്കുണ്ട്. പിശാചിന്റെ കുതന്ത്രങ്ങൾക്കെതിരെ നിലകൊള്ളാൻ കഴിയേണ്ടതിന് നാം ***"..കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുകയും ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുകയും"*** വേണം. *(എഫെസ്യർ 6:10, 11)*

### പരിശോധനകൾ

ഇവ പ്രലോഭനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഒരു പ്രലോഭനം നമ്മെ പാപത്തിലേക്ക് നയിച്ചേക്കാവുന്ന ഒന്നാണ്. പരിശോധനകൾ നമ്മുടെ വഴിയിൽ വരുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമാണ്. പരീക്ഷണങ്ങൾ രോഗങ്ങൾ, കുടുംബ പ്രശ്നങ്ങൾ, അപകടങ്ങൾ, പീഡനങ്ങൾ, സമാനമായ കാര്യങ്ങൾ എന്നിവ ആകാം. നമ്മുടെ വിശ്വാസം ശക്തിപ്പെടുത്തുന്നതിനും ക്രിസ്ത്യാനികൾ എന്ന നിലയിൽ പക്വത പ്രാപിക്കാൻ നമ്മെ സഹായിക്കുന്ന പ്രധാനപ്പെട്ട പാഠങ്ങൾ പഠിപ്പിക്കുന്നതിനുമായി ദൈവം അവയെ വരുവാൻ അനുവദിക്കുന്നു. *(**1 പത്രോസ് 1: 6, 7** കാണുക)*

പരിശോധനകൾ വിശ്വാസികൾക്ക് മാത്രമല്ല, എല്ലാവർക്കും വരുന്നു. നാം പാപികളായതുകൊണ്ടോ ദൈവം നമ്മെ സ്നേഹിക്കാത്തതുകൊണ്ടോ അല്ല അവ സംഭവിക്കുന്നത്. വിശ്വാസികൾ എന്ന നിലയിൽ അവിശ്വാസികൾക്ക് ഇല്ലാത്ത ശക്തി നമുക്ക് നൽകപ്പെട്ടിരിക്കുന്നു. നമ്മോടൊപ്പമുണ്ടാകുമെന്ന് വാഗ്ദത്തം ചെയ്ത കർത്താവ് നമുക്കുണ്ട്, ഒരു നാളും അവൻ നമ്മെ കൈവിടുകയില്ല. ***(എബ്രായർ 13:5, 6)*** ക്രിസ്തുവിലുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ പിന്തുണയും, നമുക്കു വരുന്ന ഏതൊരു പരീക്ഷണങ്ങളും ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ ആഴപ്പെടുത്തുകയും ക്രിസ്ത്യാനികളായി വളരാൻ നമ്മെ സഹായിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കാനുള്ള വിശ്വാസവും നമുക്കുണ്ട്.



1872ൽ ഇവാൻ ക്രാംസ്കോയ് വരച്ച ക്രിസ്തു മരുഭൂമിയിൽ എന്ന ചിത്രം

**ക്രിസ്തീയ ജീവിതം**

**എന്ന പാഠത്തിന്റെ 5 യൂണിറ്റുകളിൽ ഇത് നാലാമത്തേതാണ്**

ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A9-ക്രിസ്തീയ ജീവിതം

## അതിജീവിക്കുന്ന ജീവിതം

## പാഠം 2 - സമപ്രായക്കാരിൽ നിന്നുള്ള സമ്മർദ്ദത്തെ അതിജീവിക്കുക



**വായനഭാഗം:**

**1 യോഹന്നാൻ 1: 5–10; 1 യോഹന്നാൻ 2: 15–17**

**താക്കോൽ വാക്യം:**

**"ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ".**

റോമർ 12 :2

വിശ്വാസികൾ എന്ന നിലയിൽ നാം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം ലോകവുമായുള്ള നമ്മുടെ ബന്ധമാണ്. "ലോകം" എന്നത് ദൈവത്തോടുള്ള എതിർപ്പിലും കർത്താവായ യേശുവിനെ തള്ളിക്കളയുന്നതുമായ ആഗോള പരമായ ഒരു പ്രവണതയെയാണ് സൂചിപ്പിക്കുന്നത്. വിശ്വാസികൾ എന്ന നിലയിൽ നാം ***"ലോകത്തിലാണ്"*** കാരണം നമ്മൾ ജീവിക്കുന്നത് അവിശ്വാസികളുള്ള അതേ ലോകത്തിലാണ്. ***(യോഹന്നാൻ 17:11)*** മൂല്യങ്ങളും സംസ്കാരവും ജീവിതരീതികളും തിരുവെഴുത്തുകളിൽ പഠിപ്പിക്കുന്ന കാര്യങ്ങൾക്ക് എതിരായവരിൽ നിന്നുള്ള സമപ്രായക്കാരുടെ സമ്മർദ്ദത്തെ നാം ചെറുക്കേണ്ടതുണ്ട്.

ഒന്നാമതായി, നാം എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ച് ബൈബിൾ എന്താണ് പഠിപ്പിക്കുന്നതെന്ന് വ്യക്തമായി അറിയേണ്ടതുണ്ട്. ബൈബിൾ പ്രത്യേക ബുദ്ധിയുപദേശം നൽകാത്ത സാഹചര്യങ്ങളും തീരുമാനങ്ങളും നാം അഭിമുഖീകരിക്കേണ്ടി വരും . എന്നിരുന്നാലും, നമ്മുടെ വിശ്വാസത്തിലും ബോധ്യങ്ങളിലും ഉറച്ചുനിൽക്കാൻ നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യുന്നപ്രമാണങ്ങളും നമുക്കുണ്ട്.

### 1. നിങ്ങളുടെ വ്യക്തിത്വം ഓർമ്മിക്കുക.

അവൻ നമ്മുടെ സ്രഷ്ടാവായതിനാൽ നാം ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണ്. ***"നിന്റെ യൌവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തു കൊൾക;" (സഭാപ്രസംഗി 12:1)*** എന്നാൽ നാമും അവനുള്ളവരാണ്, കാരണം അവൻ തന്റെ പുത്രന്റെ മരണത്താൽ നമ്മെ വിലക്ക് വാങ്ങിയിരിക്കുന്നു ***(1 കൊരിന്ത്യർ 6:20)*** ഇപ്പോൾ നമ്മുടെ വ്യക്തിത്വം "കിസ്തുയേശുവിൽ" ആണ്. ***(എഫെസ്യർ 2:10, 13)***

### 2. മനുഷ്യനെക്കാൾ ദൈവത്തെ ഭയപ്പെടുക.

നമ്മുടെ സ്വാഭാവിക പ്രവണത മറ്റുള്ളവരുടെ സ്വീകാര്യതയ്ക്കായി കൊതിക്കുകയും അവർ നമ്മെക്കുറിച്ച് എന്താണ് ചിന്തിക്കുന്നതെന്ന് ചിന്തിക്കുകയും ചെയ്യുക എന്നതാണ്, എന്നാൽ ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ സ്വീകാര്യത ക്രിസ്തുവിൽ കാണപ്പെടുന്നുവെന്ന് നാം ഓർക്കണം. ***(എഫെസ്യർ 1:6)*** നമ്മുടെ ശ്രദ്ധ ദൈവത്തിലായിരിക്കണം. ബൈബിൾ ***"കർത്താവിനോടുള്ള ഭയത്തെ"*** കുറിച്ച് പറയുന്നു , അതിനർത്ഥം നാം അവനെ ഭയപ്പെടുകയും നമ്മുടെ ജീവിതത്തിൽ അവനു ഒന്നാം സ്ഥാനം നൽകുകയും ചെയ്യുണം എന്നാണ് ***"കർത്താവിനോടുള്ള (ഭക്തി ) ഭയമാണ് ജ്ഞാനത്തിന്റെ ആരംഭം" (സദൃശവാക്യങ്ങൾ 9:10)*** പാപപൂർണമായ ഒരു സമൂഹത്തിൽ നാം ജ്ഞാനികളായിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മറ്റുള്ളവരെക്കാൾ അവനെ പ്രസാദിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യമാക്കേണ്ടത്.

### 3. മോശം സ്വാധീനങ്ങളിൽ നിന്ന് ഓടിപ്പോവുക.

*1 കൊരിന്ത്യർ 15:33* പറയുന്നത് ***"ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു"*** എന്നാണ്. കൂടാതെ, നമ്മൾ കാണുന്നതും കേൾക്കുന്നതും ബ്രൗസ് ചെയ്യുന്നതും സോഷ്യൽ മീഡിയയിൽ പിന്തുടരുന്നതും വായിക്കുന്നതും നമ്മെ സ്വാധീനിക്കുന്നു.

നമുക്ക് ഉറപ്പില്ലെങ്കിൽ, നമുക്ക് ജ്ഞാനത്തിനായി പ്രാർത്ഥിക്കാം ***(യാക്കോബ് 1:5)*** പ്രായമായ ഒരു ക്രിസ്ത്യാനിയിൽ നിന്ന് സഹായം തേടാം. ഈ പ്രവൃത്തികൾ ക്രിസ്തുവിനെ ബഹുമാനിക്കുന്നതാണോ എന്ന് നാം സ്വയം ചോദിക്കണം. നമ്മുടെ ലക്ഷ്യം മറ്റുള്ളവരുടെ തെറ്റായ സ്വാധീനങ്ങളെ ചെറുക്കുക മാത്രമല്ല, നമുക്ക് ചുറ്റുമുള്ളവർക്ക് ഉപ്പും വെളിച്ചവുമാകുകയും അവർക്ക് ശരിയായ വഴി കാണിച്ചുകൊടുക്കുകയും വേണം ***(മത്തായി 5:13– 16)***

### 4. പാപം ദൈവത്തിന് എതിരാണ്.

ഒന്നാമതായി, എല്ലാ പാപങ്ങളും ദൈവത്തിന് എതിരാണ്. പോത്തിഫറിന്റെ ഭാര്യ അവനെ വ്യഭിചാരത്തിലേക്ക് വശീകരിക്കാൻ ശ്രമിച്ചപ്പോൾ ജോസഫിന് ഇത് മനസ്സിലായി, അതുകൊണ്ടു അവൻ ചോദിച്ചു ***"ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ" …?" (ഉല്പത്തി 39: 9)*** അതുപോലെ ദാവീദും വ്യഭിചാരവും കൊലപാതകവും നടത്തി, ***(2 ശമുവേൽ 11)*** ദൈവത്തോട് പറഞ്ഞു, ***"നിന്നോടു തന്നേ ഞാൻ പാപം ചെയ്തു;" (സങ്കീർത്തനം 51: 4)*** പുതിയ നിയമത്തിൽ, ധൂർത്തനായ പുത്രൻ തന്റെ പാപപൂർണമായ ജീവിതരീതി മനസിലാക്കിയപ്പോൾ ***"അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു.'*** എന്നു പറഞ്ഞു. ***(ലൂക്കോസ് 15:18)*** മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തന്റെ പാപം ഒന്നാമതായി, ദൈവത്തിനെതിരായ പാപമാണെന്ന് അവൻ തിരിച്ചറിഞ്ഞു!

### 5. പാപം ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയെ തകർക്കുന്നു.

ക്രിസ്ത്യാനികൾ തികഞ്ഞവരല്ല അവർ പാപം ചെയ്യുന്നു! ***(1യോഹന്നാൻ 1:8)*** എന്നാൽ നമ്മുടെ പാപം നമ്മുടെ രക്ഷ നഷ്ടപ്പെടുന്നതിൽ കലാശിക്കുന്നില്ല. ഒരിക്കൽ നാം രക്ഷിക്കപ്പെട്ടാൽ, അത് ഒരിക്കലും നശിച്ചു പോകയില്ല. ***(യോഹന്നാൻ 10:28)*** എന്നിരുന്നാലും, പാപം ചെയ്യുമ്പോൾ, നാം മുമ്പ് ആസ്വദിച്ചിരുന്ന ദൈവവുമായുള്ള അടുത്ത കൂട്ടായ്മ നഷ്ടപ്പെടും. ***സങ്കീർത്തനം 66: 18***ൽ സങ്കീർത്തനക്കാരൻ പറയുന്നത് ***"ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു"*** ഞങ്ങളുടെ സമാധാനം തകർന്നിരിക്കുന്നു, ഞങ്ങൾ ഖേദിക്കുന്നു, ഞങ്ങളുടെ പ്രാർത്ഥനാ ജീവിതം തടസ്സപ്പെട്ടു, ദൈവവുമായുള്ള നമ്മുടെ ബന്ധം വഷളാകുന്നു!

അവസാനമായി, താക്കോൽ വാക്യം പറയുന്നത് ***"ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ..".*** ഈ പാപപൂർണമായ ലോകം അതിന്റെ അച്ചിൽ നമ്മെ ഞെരുക്കാൻ അനുവദിക്കരുത് എന്നാണ് ഇതിനർത്ഥം. ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം നമ്മുടെ അവിശ്വാസികളായ സുഹൃത്തുക്കളെപ്പോലെ ആകാതെ കർത്താവായ യേശുവിനെപ്പോലെ ആയിരിക്കണം. ആത്യന്തികമായി, ഈ ദുഷിച്ച ലോകത്തെ സ്നേഹിക്കുന്നതിനും ദൈവത്തെ സ്നേഹിക്കുന്നതിനും ഇടയിൽ നമുക്ക് ഒരു തിരഞ്ഞെടുപ്പ് നടത്താനുണ്ട്. ***(1 യോഹന്നാൻ 2:15– 17)*** പാപത്തോട് വിട്ടുവീഴ്ച ചെയ്യാതെ കർത്താവിനു വേണ്ടി നിലകൊള്ളുവാനുള്ള ദൈവത്തിന്റെ ശക്തിക്കായി നാം ദിവസവും പ്രാർത്ഥിക്കേണ്ടതുണ്ട്.

**ക്രിസ്തീയ ജീവിതം**

**എന്ന പാഠത്തിന്റെ 5 യൂണിറ്റുകളിൽ ഇത് നാലാമത്തേതാണ്**

# ഉത്തരക്കടലാസ്സ്
## A9-ക്രിസ്തീയ ജീവിതം
### അതിജീവിക്കുന്ന ജീവിതം
### പാഠം 1 - പ്രലോഭനങ്ങളെ അതിജീവിക്കുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ________________________________________

**വിലാസം:** ________________________________________

1. **നാം ക്രിസ്ത്യാനികളാകുമ്പോൾ നമുക്ക് പുതിയ ശത്രുക്കളെ ലഭിക്കുമെന്ന് പഠനം പറയുന്നു. ആരാണ് ഈ ശത്രുക്കൾ?** / 3

________________________________________

2. **ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഒരു "വടംവലി" ഉണ്ടാകുന്നത് എന്തുകൊണ്ട്?** / 3

________________________________________

________________________________________

3. ***ലൂക്കോസ് 4: 1– 13* വായിക്കുക, തുടർന്ന് ഇനിപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക:** / 5

a) യേശു കർത്താവിനെ പരീക്ഷിച്ചത് എത്രത്തോളം നീണ്ടുനിന്നു? ________________

b) നിങ്ങളുടെ സ്വന്തം വാക്കുകളിൽ ഏതെങ്കിലും ഒരു പ്രലോഭനത്തെക്കുറിച്ചു എഴുതുക. ________________

________________________________________

________________________________________

________________________________________

c) ഓരോ സാഹചര്യത്തിലും, കർത്താവായ യേശു പിശാചിന്റെ ആക്രമണത്തോട് എങ്ങനെ പ്രതികരിച്ചു? ________________

________________________________________

4. **വായന ഭാഗം വീണ്ടും വായിക്കുക *യാക്കോബ് 1: 13 – 15.*** / 5

a) ഏതാണ് ദൈവത്തിന് ചെയ്യാൻ കഴിയാത്ത രണ്ട് കാര്യങ്ങൾ?

1. ________________________________________

2. ________________________________________

b) പരീക്ഷണ പ്രക്രിയ വിവരിക്കുന്നതിന് വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുക

ഒരു വ്യക്തി സ്വന്തം ..........................ൽ വശീകരിക്കപ്പെടുകയും ..................... അത് അവനെ .................... നയിക്കുന്നു.

5. ***1 കൊരിന്ത്യർ 10:13* അനുസരിച്ച് തന്റെ മേൽ വരുന്ന പ്രലോഭനങ്ങളേയും പരിശോധനകളേയും കുറിച്ച് ഒരു ക്രിസ്തീയ വിശ്വാസിക്കുള്ള പ്രോത്സാഹനം എന്താണ് ?** ________________ / 3

________________________________________

6. **പ്രലോഭനവും പരീക്ഷണങ്ങളും തമ്മിലുള്ള വ്യത്യാസം നിങ്ങളുടെ സ്വന്തം വാക്കുകളിൽ സംഗ്രഹിക്കുക.** / 3

________________________________________

________________________________________

7. ***1 പത്രോസ് 1: 6, 7* വായിക്കുക, നമ്മുടെ ജീവിതത്തിലേക്ക് വരാൻ ദൈവം അനുവദിക്കുന്ന പരീക്ഷകളുടെ ഫലം എന്തായിരിക്കണമെന്ന് കഴിയുന്നത്ര വ്യക്തമായി വിശദീകരിക്കുക.** / 3

________________________________________

________________________________________

**ചിന്തിക്കുക:** ഈ സമയത്ത് ഒരു പ്രത്യേക പരീക്ഷകളിലൂടെ കടന്നുപോകുന്ന ഒരു ക്രിസ്ത്യാനിയെക്കുറിച്ച് നിങ്ങൾക്ക് അറിയാമോ? ഈ വ്യക്തിക്ക് വേണ്ടി പ്രാർത്ഥിക്കാമോ? അവരോട് നിങ്ങളുടെ കരുതൽ കാണിക്കാൻ മറ്റ് പ്രായോഗിക മാർഗങ്ങളുണ്ടോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A9-ക്രിസ്തീയ ജീവിതം

### അതിജീവിക്കുന്ന ജീവിതം

### പാഠം 2 - സമപ്രായക്കാരിൽ നിന്നുള്ള സമ്മർദ്ദത്തെ അതിജീവിക്കുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***1 യോഹന്നാൻ 2: 15*** **ൽ "ലോകം" എന്ന പദത്തിന്റെ അർത്ഥമെന്താണെന്ന് വിശദീകരിക്കുക.** / 3

2. ***1 യോഹന്നാൻ 2: 16– 17*** **വായിച്ചതിനു ശേഷം ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 5

a) ലോകവുമായി ബന്ധപ്പെട്ട് നാം പ്രലോഭിപ്പിക്കപ്പെടുന്ന മൂന്ന് വ്യത്യസ്ത വഴികൾ ഏതൊക്കെയാണ്?

b) ദൈവത്തെ പ്രസാദിപ്പിക്കുന്നത് സന്തോഷവും ആനന്ദവും നൽകുന്നു. ***17– ാം വാക്യം*** വായിച്ചതിന് ശേഷം ലോകത്തിന്റെ ആഗ്രഹങ്ങൾക്കായി ജീവിക്കുന്നതും ദൈവേഷ്ടം ചെയ്യുന്നതും തമ്മിലുള്ള വ്യത്യാസം വിവരിക്കുക.

.3. **രണ്ട് രീതിയിൽ ക്രിസ്ത്യാനികൾ ദൈവത്തിന് അവകാശപ്പെട്ടതാണ്. ഏതൊക്കെനിലയിൽ ?** / 2

4. **ഓരോ പ്രസ്താവനയ്ക്കും ശരിയോ അല്ലെങ്കിൽ തെറ്റോ എന്നെഴുതുക:** / 3

a) ദൈവത്തെ ഭയപ്പെടുക എന്നതിനർത്ഥം അവനെ പേടിക്കുക എന്നാണ്. ________

b) കർത്താവിനെ ഭയപ്പെടുന്നത് ജ്ഞാനത്തിലേക്ക് നയിക്കുന്നു. ________

c) മറ്റുള്ളവരെക്കാൾ ദൈവത്തെ പ്രസാദിപ്പിക്കുന്നതിലായിരിക്കണം നമ്മുടെ ലക്ഷ്യം ________

5. **പഠനത്തിന്റെ ഭാഗം 4 നോക്കുക.** / 3

a) പാപത്തെക്കുറിച്ച് മൂന്ന് കഥാപാത്രങ്ങളും എന്ത് വീക്ഷണമാണ് സ്വീകരിച്ചത്?

b) കഥാപാത്രങ്ങളിൽ ഒരാളുടെ പേര് എഴുതുക, അവൻ പാപത്തെക്കുറിച്ച് പറഞ്ഞ വാക്കുകൾ എഴുതുക.

6. **"ഞാൻ രക്ഷിക്കപ്പെട്ടതാണ്, എങ്കിലും അത് ഇപ്പോൾ നഷ്ടപ്പെട്ടു. കാരണം ഞാൻ തെറ്റ് ചെയ്തു."** / 4

a) നിങ്ങളോട് ഇത് പറഞ്ഞ ഒരാളോട് നിങ്ങൾ എങ്ങനെ ഉത്തരം നൽകും?

b) പാപം ചെയ്തതിൽ അസ്വസ്ഥരാകുമ്പോൾ ***1 യോഹന്നാൻ 1:9*** നമുക്ക് എന്ത് വാഗ്ദാനം നൽകുന്നു?

7. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 5

a) താക്കോൽ വാക്യത്തിൽ ഒരു ക്രിസ്ത്യാനിക്ക് ജീവിതമാർഗത്തിനുള്ള രണ്ടു വ്യത്യസ്ഥ വഴികൾ പറഞ്ഞിട്ടുണ്ട്. അവ ഏതൊക്കെയാണ് ?

b) ഈ വാക്യം നിങ്ങൾക്ക് ഈ കാലയളവിൽ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ കരുതുന്നത്?

**ചിന്തിക്കുക:** ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ നിങ്ങളുടെ ജീവിതത്തിൽ സമപ്രായക്കാരുടെ സമ്മർദ്ദം ഏതെല്ലാം വിധങ്ങളിൽ നിങ്ങൾക്കറിയാം? നിഷേധാത്മക സ്വാധീനങ്ങളാൽ നിങ്ങൾ വശീകരിക്കപ്പെടുന്നില്ലെന്നും വിശ്വസ്തരായി നിലകൊള്ളുന്നുവെന്നും ഉറപ്പാക്കാൻ നിങ്ങൾക്ക് എന്ത് പ്രായോഗിക നടപടികൾ സ്വീകരിക്കാനാകും

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A9-ക്രിസ്തീയ ജീവിതം

### അതിജീവിക്കുന്ന ജീവിതം

### പാഠം 3 – നിരുത്സാഹത്തെ അതിജീവിക്കുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) നമ്മുടെ പ്രാർത്ഥനകൾക്ക് ലഭിക്കാവുന്ന മൂന്ന് ഉത്തരങ്ങൾ ഈ പഠനത്തിൽ പരാമർശിച്ചിരിക്കുന്നു അവ ഏതെല്ലാമെന്നു എഴുതുക? / 6

b) ***ലൂക്കോസ്*** *1: 5 – 13* വായിച്ച് സെഖര്യാവും എലീശബെത്തും അനുഭവിച്ച ഒരു "സമയം ആയിട്ടില്ല" എന്ന അനുഭവത്തിന്റെ ഉദാഹരണം എപ്രകാരമായിരുന്നുവെന്ന് വിശദീകരിക്കുക.

**2. *2 കൊരിന്ത്യർ 12: 7 – 9* ൽ, പൗലോസ് തന്റെ "ജഡത്തിലെ ശൂലം" നീങ്ങിപ്പോകുവാൻ മൂന്ന് തവണ കർത്താവിനോട് അപേക്ഷിച്ചപ്പോൾ, "ഇല്ല" എന്നായിരുന്നു ഉത്തരം. എന്നിരുന്നാലും, കർത്താവ് അവന് ഒരു വലിയ വാഗ്ദാനം നൽകി. അത് എന്തായിരുന്നു?** / 2

**3. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

a) ***"ദൈവത്തിന്റെ നാമത്തിൽ ചോദിക്കുക"*** എന്നതിന്റെ അർത്ഥമെന്താണെന്നാണ് നിങ്ങൾ കരുതുന്നത്? *(യോഹന്നാൻ 14:13; 15:16; 16:23)*

b) ***യാക്കോബ്*** *4: 3* വായിച്ച് ഈ ആളുകളുടെ പ്രാർത്ഥനകൾക്ക് അവർ പ്രതീക്ഷിച്ച രീതിയിൽ ഉത്തരം ലഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുക.

**4. *മത്തായി 7: 7 – 11* വായിക്കുക.**

a) നാം പ്രാർത്ഥിക്കുമ്പോൾ ചെയ്യാൻ കൽപ്പിക്കപ്പെട്ട മൂന്ന് കാര്യങ്ങൾ എഴുതുക. *(വാക്യം 7)* / 6

b) തന്റെ മകൻ എന്തെങ്കിലും ആവശ്യപ്പെടുമ്പോൾ പിതാവ് എന്തുചെയ്യുമെന്നതിന്റെ ഒരു ഉദാഹരണം നൽകുക. *(വാക്യങ്ങൾ 9, 10)*

c) നമ്മുടെ സ്വർഗീയ പിതാവ് നമുക്ക് എന്താണ് നൽകാൻ ആഗ്രഹിക്കുന്നത്? *(വാക്യം 11)*

**5. ഒരു യുവ ക്രിസ്ത്യാനി എന്ന നിലയിൽ തന്റെ കുടുംബത്തിലോ, സ്കൂളിലോ, സഭയിലോ ഉള്ള മറ്റു ക്രിസ്ത്യാനികളുമായി ഒരു വ്യക്തിബന്ധം പുലർത്തുന്നതിൽ ബുദ്ധിമുട്ടനുഭവിച്ചാൽ നിങ്ങൾ ആ വ്യക്തിക്ക് ബൈബിളിൽ നിന്നും എന്ത് ഉപദേശമാണ് നൽകുക?** / 3

**6. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) ***ഫിലിപ്പിയർ*** *2: 4* വായിക്കുക, നിങ്ങളുടെ സ്വന്തം വാക്കുകളിൽ, അതിന്റെ അർത്ഥം എഴുതുക. / 4

b) ഈ തത്വത്തിന്റെ ഉത്തമ ഉദാഹരണമാണ് കർത്താവായ യേശു. മറ്റുള്ളവരോടുള്ള അവന്റെ കരുതൽ അവനെ എന്ത് ചെയ്യാൻ പ്രേരിപ്പിച്ചു? *(**ഫിലിപ്പിയർ** 2: 5 – 8 **കാണുക**)*

**ചിന്തിക്കുക:** നിങ്ങളുടെ ചിന്താകുലവും, ഉത്കണ്ഠയും ഉളവാക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് ദൈവത്തോട് പ്രാർഥിക്കാൻ കുറച്ച് സമയമെടുക്കുക. നിങ്ങളുടെ സ്വർഗീയ പിതാവായ ദൈവത്തിന് നിങ്ങൾക്കുവേണ്ടിയുള്ള കരുതലിന് നന്ദി പറയുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A9-ക്രിസ്തീയ ജീവിതം

### അതിജീവിക്കുന്ന ജീവിതം

### പാഠം 4 – പിശാചിനെ അതിജീവിക്കുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ശരി അല്ലെങ്കിൽ തെറ്റ് എന്ന് എഴുതുക:** / 5

a) ശക്തിയുടെ കാര്യത്തിൽ പിശാച് ദൈവത്തിന് തുല്യനാണ്. ______

b) പിശാച് "***ഈ ലോകത്തിന്റെ അധിപതി***" ആണ്. ______

c) ക്രിസ്ത്യാനികളുടെ ഉള്ളിൽ പരിശുദ്ധാത്മാവ് ഉണ്ട്. ______

d) പിശാച് ഒരിക്കലും കർത്താവായ യേശുവിനെ പരീക്ഷിച്ചിട്ടില്ല. ______

e) കർത്താവായ യേശു ഒരിക്കലും പ്രലോഭനത്തിന് വഴങ്ങിയില്ല. ______

**2. *എബ്രായർ 2: 14 – 15* വായിക്കുക. കർത്താവായ യേശു തന്റെ മരണത്തിലൂടെ നേടിയ രണ്ട് കാര്യങ്ങൾ ഈ വാക്യങ്ങൾ നമ്മോട് പറയുന്നു. അവ ഏതെല്ലാം ?** / 4

______

______

**3. *എഫെസ്യർ 6: 10 – 17* വായിച്ച് ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

a) നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ടത് എന്തുകൊണ്ട്?

______

______

b) പരാമർശിച്ചിരിക്കുന്ന ആറ് കവചങ്ങൾ ഏതൊക്കെ എന്നെഴുതുക

______ // ______ // ______

______ // ______ // ______

c) ഇനിപ്പറയുന്ന കവചങ്ങൾക്ക് എന്ത് ആത്മീയ അർത്ഥമാണ് നൽകിയിരിക്കുന്നത്?

i) പരിച. ______

ii) വാൾ. ______

**4. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 5

a) യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, അവൻ പഴയ നിയമത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് പിശാചിന്റെ ഓരോ നിർദ്ദേശങ്ങൾക്കും ഉത്തരം നൽകി. ***മത്തായി** 4: 4, 7, 10* വായിക്കുക, യേശു തന്റെ ഓരോ ഉത്തരത്തിലും ആവർത്തിച്ച മൂന്ന് വാക്കുകൾ എഴുതുക. ______

______

b) സാത്താനുമായുള്ള നമ്മുടെ യുദ്ധങ്ങളിൽ ബൈബിളിന് നമ്മെ ഏതെല്ലാം വിധങ്ങളിൽ സഹായിക്കുവാനാകും?

______

______

**5. പിശാചിന്റെ അന്തിമ പതനം *വെളിപാട് 20* ൽ വിവരിച്ചിരിക്കുന്നു. *13, 7 – 10 വാക്യങ്ങൾ* വായിക്കുക, തുടർന്ന് ചുരുക്കമായി ഉത്തരങ്ങൾ എഴുതുക.** / 5

a) 2-ാം വാക്യത്തിൽ പിശാചിനായി ഉപയോഗിക്കുന്ന പേരുകൾ എഴുതുക ______

b) പിശാച് എത്ര കാലത്തേക്കാണ് ബന്ധിപ്പിക്കപ്പെടുന്നത് . ______

c) അവന്റെ ദണ്ഡന സ്ഥലത്തിന് എന്ത് പേരാണ് നൽകിയിരിക്കുന്നത് . ______

d) മോചിതനായാൽ അവൻ എന്ത് ചെയ്യും ______

e) പിശാചിന് പിന്നീട് എന്ത് സംഭവിക്കും ______

**ചിന്തിക്കുക:** ഈ നിമിഷം നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുന്ന ഒരു പ്രത്യേക മേഖല നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ? ഇത് ഒഴിവാക്കാൻ നിങ്ങൾക്ക് സ്വീകരിക്കാവുന്ന പ്രായോഗിക നടപടികളെക്കുറിച്ച് ചിന്തിക്കാമോ? ഈ പ്രലോഭനത്തെ മറികടക്കാൻ ദൈവത്തോട് സഹായം ചോദിക്കുക.

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | **01/2023**

# ബൈബിൾ ടൈം
## സമഗ്ര പഠനം

bes
bible educational services

# A9-ക്രിസ്തീയ ജീവിതം

## അതിജീവിക്കുന്ന ജീവിതം

### പാഠം 3 – നിരുത്സാഹത്തെ അതിജീവിക്കുക

**വായനഭാഗം:**

**ലൂക്കോസ് 11: 1–4, 9–13; 1 കൊരിന്ത്യർ 13: 17**

**താക്കോൽ വാക്യം:**

**"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ."**

1 പത്രോസ് 5 :7

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളുടെ പുതിയ ജീവിതത്തിൽ, നിരുത്സാഹപ്പെടുകയോ ഹൃദയം തകർന്നു പോകാനോ സാധ്യതയുണ്ട്. ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയുടെ കാര്യത്തിൽ അനേകക്രിസ്ത്യാനികളുടെ ഹൃദയം ക്ഷീണിച്ചു പോയിട്ടുണ്ട്. തുടക്കത്തിൽ, നാം പലപ്പോഴും ഉർജ്ജലതയും ഉത്സാഹവുമുള്ളവരാണ്, പല കാര്യങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു, ദൈവം ഉത്തരം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും, കുറച്ച് സമയത്തിനുശേഷം, നമ്മുടെ ചില പ്രാർത്ഥനകൾക്ക് നാം ആഗ്രഹിക്കുന്ന രീതിയിൽ ഉത്തരം ലഭിക്കുന്നില്ലെന്ന് നമ്മൾ മനസിലാക്കുന്നു. ഉദാഹരണത്തിന്, ആരെങ്കിലും രക്ഷിക്കപ്പെടാനോ ആരെങ്കിലും സുഖപ്പെടാനോ വേണ്ടി പ്രാർത്ഥിക്കുന്നു . എങ്കിലും ഈ കാര്യങ്ങൾക്ക് ഒന്നിനും ഉത്തരം ലഭിക്കാതെ പോകുന്നു..! എന്താണ്പ്രശ്നം ? ദൈവം ഇനി നമ്മെ സ്നേഹിക്കുന്നില്ലേ? അവൻ നമ്മളെ കേൾക്കാതെയിരിക്കുകയാണോ?



നാം പ്രാർത്ഥിക്കുമ്പോൾ ഈ സുപ്രധാന തത്ത്വങ്ങളെക്കുറിച്ച് നാം അറിഞ്ഞിരിക്കണം:

**1. ദൈവത്തിന്റെ ഉത്തരം നമ്മൾ പ്രതീക്ഷിച്ചതായിരിക്കണമെന്നില്ല.**

പ്രാർത്ഥനയ്ക്ക് മൂന്ന് ഉത്തരങ്ങളുണ്ട് "അതെ", "ഇല്ല" അല്ലെങ്കിൽ "സമയമായിട്ടില്ല". "ഇല്ല", "ഇതുവരെ ഇല്ല" എന്നിവ എല്ലാം ഉത്തരങ്ങളാണ്. നാം ചോദിക്കുന്നത് ദൈവം നമുക്ക് നൽകുന്നില്ലെങ്കിൽ, അതിനർത്ഥം അവൻ നമ്മുടെ പ്രാർത്ഥന കേട്ടിട്ടില്ല എന്നല്ല. ഈ അർത്ഥത്തിൽ, "ഉത്തരമില്ലാത്ത പ്രാർത്ഥന" എന്നൊന്നില്ല. "സമയമായിട്ടില്ല" എന്ന ഉത്തരത്തിന്റെ ഒരു ഉദാഹരണത്തിനായി, ***ലൂക്കോസ് 1–ാം*** അധ്യായത്തിലെ സെഖര്യാവിനെയും എലിശബെത്തിനെയും കുറിച്ച് ചിന്തിക്കുക. ***2 കൊരിന്ത്യർ 12: 7– 9*** ലെ പൗലോസിന്റെ വാക്കുകളും കാണുക.

**2. നാം "യേശു കർത്താവിന്റെ നാമത്തിൽ" പ്രാർത്ഥിക്കുന്നു.**

കർത്താവായ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത് ***"നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തുതരും. …"*** *(യോഹന്നാൻ 14:13)* എന്നിരുന്നാലും, ***"കർത്താവായ യേശുവിന്റെ നാമത്തിൽ"*** എന്ന വാചകം കൊണ്ട് നമ്മുടെ പ്രാർത്ഥന അവസാനിപ്പിക്കുക എന്നതിനർത്ഥം, നാം ആഗ്രഹിക്കുന്നത് എപ്പോഴും ലഭിക്കുന്ന ഒരു ആത്മീയ സൂത്രവാക്യം ഉപയോഗിക്കുന്നു എന്നാണ്. അവന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നതിന്റെ അർത്ഥം നാം അവന്റെ ഏക അധികാരത്തെ അംഗീകരിക്കുന്നു എന്നാണ്. അതുകൊണ്ട് നമ്മുടെ പ്രാർത്ഥനകളിൽ സ്വാർത്ഥലക്ഷ്യങ്ങൾക്ക് സ്ഥാനമില്ല! ***"നിങ്ങൾ യാചിച്ചിട്ടും ലഭിക്കുന്നില്ല ,കാരണം.."*** *(യാക്കോബ് 4:3)*

**3. നമ്മുടെ ഇഷ്ടം ദൈവത്തിന്റെ മേൽ അടിച്ചേൽപ്പിക്കുവാൻ നമ്മൾക്ക് അവകാശമില്ല.**

ദൈവം നമ്മെക്കാൾ വലിയവനാണ്, അവൻ പരമാധികാരിയാണ്, അവന് സ്വന്തം ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ അവകാശമുണ്ട്. അതുകൊണ്ടാണ് നമ്മൾ എപ്പോഴും പ്രാർത്ഥിക്കേണ്ടത്, ***"എന്റെ ഇഷ്ടമല്ല മറിച്ച് നിന്റെ ഇഷ്ടം പോലെ."*** *(മത്തായി 26:39)* കർത്താവായ യേശു അങ്ങനെ പ്രാർത്ഥിച്ചെങ്കിൽ, നാം എത്രയധികം പ്രാർത്ഥിക്കണം! നാം ചോദിക്കുന്നത് അവന്റെ ഇഷ്ടത്തിന് അനുസൃതമായി നൽകണമെന്ന് നാം അംഗീകരിക്കണം. (***1 യോഹന്നാൻ*** *5:14)*

**4. നമുക്കു ഏറ്റവും കൊള്ളാവുന്നത് ഏതാണെന്ന് പലപ്പോഴും നമുക്ക് അറിയുകയില്ല.**

ഒരു കുട്ടി മൂർച്ചയുള്ള കത്തി ഉയർത്തുന്നത് മാതാപിതാക്കൾ കണ്ടാൽ ഉടൻ അത് നീക്കം ചെയ്യും. തങ്ങളുടെ കുട്ടിക്ക് അപകടകരമായത് എന്താണെന്ന് നിഷേധിക്കുന്നതിൽ അവനോട് അവർ കരുണ കാണിക്കുന്നു. അതുപോലെ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമുക്ക് ഏറ്റവും മികച്ചത് നൽകുമെന്ന് നമുക്ക് വിശ്വസിക്കാം. ***(മത്തായി 7:7– 11)***

നിരുത്സാഹപ്പെടുത്തുന്ന മറ്റൊരു മേഖല മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധമാണ്. കുടുംബജീവിതത്തിലെ പിരിമുറുക്കങ്ങൾ, അല്ലെങ്കിൽ കോളേജിലോ ജോലിസ്ഥലത്തോ ഉള്ള ബന്ധത്തിലെ ബുദ്ധിമുട്ടുകൾ എന്നിവ നമ്മൾ കണ്ടെത്തിയേക്കാം. സഭാജീവിതത്തിൽപ്പോലും ആളുകൾക്ക് നമ്മളോട് നമ്മൾ പ്രതീക്ഷിച്ച മനോഭാവം ഉണ്ടാകണമെന്നില്ല. അത്തരം പ്രശ്നങ്ങളാൽ നാം നിരുത്സാഹപ്പെടുകയും അസ്വസ്ഥരാകുകയും ചെയ്യുമ്പോൾ ബൈബിളിൽനിന്ന് നമുക്ക് എന്ത് സഹായം ആണ് ലഭിക്കുന്നത് ?

**1. നമ്മുടെ സ്വന്തം ബലഹീനതകൾ നാം തിരിച്ചറിയണം.**

നാം എളിമയുള്ളവരായിരിക്കുകയും നാം പൂർണരല്ലെന്ന് സമ്മതിക്കുകയും ചെയ്താൽ ബുദ്ധിമുട്ടുള്ള ബന്ധങ്ങൾ പലപ്പോഴും മെച്ചപ്പെടുത്താൻ കഴിയും! നമ്മളെക്കുറിച്ച് നാം ഭവിക്കേണ്ടതിന് മീതെ ഭാവിച്ചുയരരുത് എന്ന് പൗലോസ് നമ്മെ പഠിപ്പിക്കുന്നു. (***റോമർ*** *12:3)*

**2. നമ്മൾ മറ്റുള്ളവരെ പരിഗണിക്കണം.**

***ഫിലിപ്പിയർ*** *2:4* ന്റെ തത്വം അനുസരിച്ചു നാം സ്വാർത്ഥരായിരിക്കരുത്, മറിച്ച് മറ്റുള്ളവരുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകണം എന്നതാണ്. നമുക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്കായി പ്രാർത്ഥിക്കുന്നത് എല്ലായ്പ്പോഴും ഐക്യം പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു വലിയ ചുവടുവെപ്പാണ്. ***മത്തായി*** *5:44* ലെ കർത്താവായ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

**3. നമ്മൾ എപ്പോഴും സ്നേഹത്തിൽ പ്രവർത്തിക്കണം.**

***"സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു"*** *(**1 കൊരിന്ത്യർ** 13:4)* ഒരു എഞ്ചിന്റെ ചലിക്കുന്ന ഭാഗങ്ങൾ ഓയിൽ ഉപയോഗിച്ച് ലൂബ്രിക്കേറ്റ് ചെയ്യേണ്ടത് അവശ്യമാണ്. അതുപോലെ ദൈവസ്നേഹത്താൽ "ലൂബ്രിക്കേറ്റ് " ചെയ്യുമ്പോൾ എല്ലാ മനുഷ്യബന്ധങ്ങളും കൂടുതൽ സുഗമമായി പ്രവർത്തിക്കുന്നു.

ക്രിസ്തീയ ജീവിതം എപ്പോഴും എളുപ്പമുള്ള ഒന്നല്ല. അത് സംഭവിക്കുമെന്ന് ദൈവം ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല! എന്നിരുന്നാലും, തന്റെ അചഞ്ചലമായ സാന്നിധ്യത്തെക്കുറിച്ച് അവൻ നമുക്ക് ഉറപ്പുനൽകിയിട്ടുണ്ട്, അവൻ നമുക്കുവേണ്ടി കരുതുന്നതിനാൽ നമ്മുടെ സകല ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾവിൻ. ( താക്കോൽ വാക്യം)

**ക്രിസ്തീയ ജീവിതം**

**എന്ന പാഠത്തിന്റെ 5 യൂണിറ്റുകളിൽ ഇത് നാലാമത്തേതാണ്**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A9-ക്രിസ്തീയ ജീവിതം

## അതിജീവിക്കുന്ന ജീവിതം

### പാഠം 4 – പിശാചിനെ അതിജീവിക്കുക

വായനഭാഗം:
**എഫെസ്യർ 6: 10–20**

താക്കോൽ വാക്യം:
**"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു."**
1 പത്രോസ് 5:8

ആരാണ് ഈ പിശാച്? അവൻ ഒരു യാഥാർഥ്യമാണോ അതോ വെറും ഭാവനയാണോ? അവൻ ഇന്ന് നമുക്ക് പ്രാധാന്യം അർഹിക്കുന്ന വിഷയമാണോ അതോ കഴിഞ്ഞ നൂറ്റാണ്ടിൽ കടന്നുകൂടിയ ആശയമാണോ ?

പിശാച് അഥവാ സാത്താൻ തീർച്ചയായും ഒരു യഥാർത്ഥ ആത്മീയ ജീവിയാണ് എന്നതാണ് ബൈബിളിന്റെ പഠിപ്പിക്കൽ! ദൈവത്തെപ്പോലെ, അവൻ സർവ്വശക്തനല്ല, എന്നാലും അവന്റെ ശക്തി വളരെ വലുതാണ്, ബൈബിൾ അവനെ ***"ഈ ലോകത്തിന്റെ പ്രഭു"*** എന്ന് വിളിക്കുന്നു. *(യോഹന്നാൻ 12:31)* ***"ഈ ലോകത്തിന്റെ ദൈവം"****. (2 കൊരിന്ത്യർ 4:4)*

ക്രിസ്ത്യാനികൾ എന്ന നിലയിൽ ഫലപ്രദരാകുന്നതിൽ നിന്ന് നമ്മെ തടയാനും പ്രശ്നങ്ങൾ ഉണ്ടാക്കാനും പിശാച് ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. (താക്കോൽ വാക്യം നോക്കുക) അവൻ ഒരു ദുഷ്ട ശത്രുവാണ്, ദൈവത്തിന്റെ പ്രവൃത്തിയെയും അവന്റെ ജനത്തെയും നശിപ്പിക്കുക എന്നതാണ് അവന്റെ ലക്ഷ്യം. അവന്റെ ദുഷ്ടമായ വിചാരങ്ങളിൽ അവനെ സേവിക്കുന്നത് അനേകം ഭൂതങ്ങളോ ദുരാത്മാക്കളോ ആണ്.

ഈ ക്രൂരനായ ശത്രുവിനെ മറികടക്കാൻ നമ്മളെ സഹായിക്കുന്നതിന്, നമ്മൾ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ചുവടെ കൊടുക്കുന്നു :

#### 1. സാത്താൻ ലോകത്തിലെ ഏറ്റവും ശക്തനായ വ്യക്തി അല്ല.

ഏറ്റവും ശക്തൻ ദൈവം ആണ് ! ദൈവത്തിന്റെ ശക്തി സാത്താന്റെ ശക്തിയേക്കാൾ വളരെ വലുതാണ് ! ദൈവം സാത്താനെ ഒരു നിശ്ചിത അളവിൽ മാത്രമേ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ . ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നു, അതിനാൽ നിങ്ങൾ സാത്താനെ ഭയപ്പെടേണ്ടതില്ല. ***"നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്."*** *(1 യോഹന്നാൻ 4:4)*

#### 2. സാത്താൻ തോൽപ്പിക്കപ്പെട്ട ശത്രുവാണ്.

നമ്മുടെ ജീവിതത്തിൽ സാത്താന്റെ ശക്തിയെ മറികടക്കാൻ നാം പാടുപെടുമ്പോൾ, അവൻ ഇപ്പോൾ ഒരു പരാജയപ്പെട്ട ശത്രുവാണെന്ന് ഓർക്കുന്നത് വളരെ സഹായകരമാണ്. ***"ദൈവപുത്രൻ പ്രത്യക്ഷപ്പെട്ടതിന്റെ കാരണം പിശാചിന്റെ പ്രവൃത്തികളെ തകർക്കുവാൻ ആണ്."*** *(1 യോഹന്നാൻ 3:8)* കർത്താവായ യേശു ക്രൂശിലെ മരണത്താൽ സാത്താന്റെ മേൽ വിജയം നേടുകയും അവന്റെ ശക്തിയിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും ചെയ്തു. *(എബ്രായർ 2:14–15)* അവന്റെ തോൽവിയുടെ തെളിവ് കർത്താവായ യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന സത്യത്തിലാണ്.

#### 3. സാത്താനെ ചെറുത്തു നിൽക്കുവാൻ കഴിയും.

നിങ്ങൾ ഒരു ക്രിസ്ത്യാനി ആയിത്തീർന്നപ്പോൾ, ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിടുകയും നിങ്ങൾക്ക് വേണമെങ്കിൽ സാത്താനെ ജയിക്കുവാനുള്ള ആത്മീയ ശക്തി നൽകുകയും ചെയ്യുന്നു. പല വിശ്വാസികളുടെയും ഖേദകരമായ കാര്യം അവർ പാപം ചെയ്യുന്നത് പാപം നിർബന്ധിക്കുന്നത് കൊണ്ടല്ല മറിച്ച് അവർ ആഗ്രഹിക്കുന്നതുകൊണ്ടാണ്, നാം അന്വേഷിക്കുകയാണെങ്കിൽ ദൈവം എപ്പോഴും അതിൽനിന്നും രക്ഷപ്പെടാനുള്ള വഴി നൽകുന്നു. ***"പിശാചിനെ ചെറുത്തുനിൽക്കുക, അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും"*** *(യാക്കോബ് 4:7)*

#### 4. സാത്താൻ ഒരിക്കലും ആരുടെയും നന്മ ആഗ്രഹിക്കുന്നില്ല.

ദൈവത്തിനുവേണ്ടിയുള്ള നിങ്ങളുടെ പുതിയ ജീവിതം നശിപ്പിക്കാൻ അവൻ തയ്യാറാണ്. അവൻ ***"വഞ്ചകനും"*** *(2 കൊരിന്ത്യർ 11:14)* ***"ഭോഷ്ക്കിന്റെ പിതാവും"*** ആണെന്ന് നാം എപ്പോഴും ഓർക്കണം. *(യോഹന്നാൻ 8:44)* അവന്റെ സൂക്ഷ്മമായ തന്ത്രങ്ങൾക്കെതിരെ നാം നിരന്തരം ജാഗ്രത പുലർത്തണം! നിങ്ങൾക്ക് നല്ലതൊന്നും നൽകാൻ അവൻ ഉദ്ദേശിക്കുന്നില്ല!

#### 5. സാത്താൻ ഒരു ആത്മീയ ശത്രുവാണ്.

അവനോട് ആത്മീയ ആയുധങ്ങൾ കൊണ്ട് പോരാടണം. ഈ ആയുധങ്ങൾ, ദൈവത്തിലുള്ള വിശ്വാസം, പ്രാർത്ഥന, ദൈവവചനം, (പിശാചിനെതിരെ ഒരു വാൾ പോലെ ഉപയോഗിക്കുന്നു) കൂടാതെ ***എഫെസ്യർ 6: 10–18*** ൽ നമുക്കായി മറ്റ് സർവ്വായുധങ്ങളെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ സഹായമില്ലാതെ നിങ്ങൾക്ക് സാത്താനെതിരെ പോരാടാനാവില്ല. എന്നാൽ നാം വിജയങ്ങൾ നേടണമെന്ന് ദൈവം ആഗ്രഹിക്കുന്നു, നാം അവനിൽ ആശ്രയിക്കുകയാണെങ്കിൽ അവൻ നമ്മെ സഹായിക്കും.

സാത്താന്റെ ശക്തി വളരെ യാഥാർഥ്യമാണ്, അത് ഒരിക്കലും നിസ്സാരമായി കാണുവാൻ പാടില്ല. ക്രിസ്ത്യാനികൾ ജാതകം, രാശിചിഹ്നങ്ങൾ, ജ്യോതിഷം, കൈനോട്ടം ഇവയിൽ നിന്നെല്ലാം അകന്നുനിൽക്കണം, കാരണം ഇവയിലൂടെയാണ് സാത്താൻ അനേകം ആളുകളെ വലയിലാക്കിയിരിക്കുന്നത്. ***"സകലവിധ ദോഷവും വിട്ടകലുവിൻ"*** *(1 തെസ്സലൊനീക്യർ 5:22)*



**ക്രിസ്തീയ ജീവിതം**
**എന്ന പാഠത്തിന്റെ 5 യൂണിറ്റുകളിൽ ഇത് നാലാമത്തേതാണ്**
© Bible Educational Services | Visit : www.besweb.com | 01/2023